**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310</u>** **<u>18-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ഭാഷാ പരിപോഷണ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | പ്രൈമറിതലം മുതൽ ഭാഷാ പരിപോഷണത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | അറബിക് , ഉറുദു, സംസ്കൃതം എന്നീ വിഷയങ്ങളുടെ പ്രൈമറി തലത്തിലെ പരിപോഷണത്തിനായി യഥാക്രമം അഹ്ലാർ അറബിക് , പ്യാരി ഉറുദു, സംസ്കൃത മാധുരി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും അവയ്ക്കായി അനുബന്ധ വായനാ സാമഗ്രികൾ തയ്യാറാക്കുകയും ചെയ്തു. എസ്.എസ്.കെയുടെ ആഭിമുഖ്യത്തിൽ 'ഹലോ ഇംഗ്ലീഷ്' , 'മലയാളത്തിളക്കം' , 'സുരീലി ഹിന്ദി' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇംഗ്ലീഷ് പഠനത്തിനായി എസ്.സി.ഇ. ആർ.ടിയും എസ്.എസ്.കെയും വായനാക്കാർഡുകൾ വികസിപ്പിച്ചിട്ടുണ്ട്. ഹൈസ്കൂൾ തലത്തിൽ ഗവേഷണാടി സ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി നടപ്പിലാക്കിയ പദ്ധതിയാണ് 'റെലിഷ് ഇംഗ്ലീഷ്' . ഹയർ സെക്കന്ററി തലത്തിൽ 26 വിഷയങ്ങളിലായി പുസ്തകങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 24 സ്കൂൾ വിഷയങ്ങളിൽ മലയാള സാങ്കേതിക പദാവലിയും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് എന്നീ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (ബി) | വിദ്യാർത്ഥികളുടെ മാതൃഭാഷയിലുള്ള കഴിവ് പരിപോഷിപ്പിക്കുന്നതിന് സംസ്ഥാനത്തെ പൊതുവിദ്യാലയ ങ്ങളിലെ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ നടപ്പിലാക്കിയ പദ്ധതിയാണ് 'മലയാളത്തിളക്കം' . പ്രത്യേകം തയ്യാറാക്കിയ വീഡിയോകളുടെ കൂടി സഹായത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. എല്ലാ സ്കൂളുകളിലും മലയാളത്തിളക്കം കൈപ്പുസ്തകം പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്. മൊഡ്യൂളിന്റെ സോഫ്റ്റ് കോപ്പിയും എല്ലാ സ്കൂളുകളിലും നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ അദ്ധ്യാപകർക്ക് മലയാളത്തിളക്കം പരിപാടിയുടെ പരിശീലനങ്ങളും നൽകിയിട്ടുണ്ട്.<br>പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ |

| | | | |
|---|---|---|---|
| | | | നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ പരിപാടിയാണ് 'ഹലോ ഇംഗ്ലീഷ്' . ഒന്നു മുതൽ എഴ് വരെയുള്ള ക്ലാസ്സുകളിലാണ് ഈ പരിപാടി നടപ്പിലാക്കിയത്. അദ്ധ്യാപകർക്ക് ഹലോ ഇംഗ്ലീഷ് പരിശീലനം സംഘടിപ്പിച്ചിരുന്നു. ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് ജേർണലുകളും ഇംഗ്ലീഷ് വായനാ കാർഡുകളും തയ്യാറാക്കി പ്രിന്റ് ചെയ്ത് സ്കൂളുകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്. |
| (സി) | മലയാള ഭാഷാനിയമം എന്ന പേരിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | 2018-ലെ മലയാള പഠന ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിച്ച വരുന്നുണ്ട്. സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്കൂളുകളിലും പരിശോധനകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ